എം.റ്റി(3) 5414/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 31/12/2019

Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

# സർക്കുലർ നമ്പർ 56/19

വിഷയം:- സഹകരണവകുപ്പ് - "കൃതി 2020" അന്താരാഷ്ട്ര പുസ്തകമേളയും വിജ്ഞാനോത്സവവും - "ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി" - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- കൃതി 2020-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 22.11.2019-ന് എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ വച്ചുനടന്ന സ്വാഗതസംഘം രൂപീകരണത്തിലെ തീരുമാനം

സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം സംഘടിപ്പിക്കുന്ന **"കൃതി - 2020"** അന്താരാഷ്ട്ര പുസ്തകമേളയുടെയും വിജ്ഞാനോത്സവത്തിന്റെയും മൂന്നാം പതിപ്പ് **2020 ഫെബ്രുവരി 6 മുതൽ 16 വരെ എറണാകുളം മറൈൻ ഡ്രൈവിൽ** നടക്കുകയാണ്. ദേശീയ-അന്തർദേശീയ തലത്തിൽ അറിവും അനുഭവ സമ്പത്തുമുള്ള വിദഗ്ധരും, സാഹിത്യകാരന്മാരും, സാംസ്കാരിക പ്രവർത്തകരും, പുസ്തക പ്രസാധകരും 10 ദിവസം നീണ്ടു നിൽക്കുന്ന പുസ്തക മേളയിലും, വിജ്ഞാനോത്സവത്തിലും പങ്കെടുക്കുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ നിരവധി വൈജ്ഞാനിക-കലാ-സാംസ്കാരിക പരിപാടികൾ നടത്തുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് **"ഒരു കുട്ടിക്ക് ഒരു പുസ്തകം"** എന്ന പദ്ധതി. മേളയുടെ ഭാഗമായി സമൂഹത്തിൽ വായന വളർത്തുന്നതിനും കുട്ടികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സംഘടിപ്പിക്കുന്ന പദ്ധതിയാണിത്. സഹകരണ സംഘങ്ങൾ വഴിയുള്ള സ്പോൺസർഷിപ്പിലൂടെ ഒരു കുട്ടിക്ക് 250 രൂപ മൂല്യമുള്ള കൂപ്പൺ വഴി പുസ്തകം നൽകുന്നതാണ് ഈ പദ്ധതി.

"കൃതി - 2018" "ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി" വഴി 28000 കുട്ടികൾക്കും "കൃതി - 2019" മേൽ പദ്ധതി പ്രകാരം 45600 കുട്ടികൾക്കും പുസ്തകങ്ങൾ വിതരണം ചെയ്തു. ആയതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചത് കേരളത്തിലെ സഹകരണ ബാങ്ക്/സംഘങ്ങളാണ്. ഇക്കുറി കൂടുതൽ സഹകരണസംഘങ്ങളെ പങ്കെടുപ്പിക്കുകയും ഒരു സംഘത്തിൽ നിന്നും 10,000/5,000 രൂപ നിരക്കിൽ നിശ്ചയിച്ച് സഹകരണസംഘങ്ങളുടേയും കുട്ടികളുടേയും പങ്കാളിത്തം വർദ്ധിപ്പിക്കണം. ഒരു കോടി 50 ലക്ഷം രൂപയുടെ പുസ്തകം ഈ പദ്ധതിപ്രകാരം കുട്ടികൾക്ക് സൗജന്യമായി നൽകാൻ സാധിക്കണം.

ഒരു വിദ്യാർത്ഥിക്ക് 250 രൂപയുടെ കൂപ്പൺ ഓരോ സംഘവും സാമ്പത്തിക സ്ഥിതിക്കനുസരിച്ച് 10,000/5,000 രൂപയുടെ കൂപ്പൺ സ്പോൺസർ ചെയ്യണം. 40/20 വിദ്യാർത്ഥികൾക്ക് ഇതുമൂലം സൗജന്യ കൂപ്പൺ ലഭിക്കും.

ജില്ലാ അടിസ്ഥാനത്തിൽ കൂപ്പണുകളുടെ ടാർജറ്റ് ഇപ്രകാരമാണ്.

| ജില്ല | ടാർജറ്റ് |
|---|---|
| തിരുവനന്തപുരം | 1500000 |
| കൊല്ലം | 1500000 |
| പത്തനംതിട്ട | 750000 |
| ആലപ്പുഴ | 600000 |
| കോട്ടയം | 1100000 |
| ഇടുക്കി | 250000 |
| എറണാകുളം | 1900000 |
| തൃശ്ശൂർ | 1500000 |
| പാലക്കാട് | 1500000 |
| മലപ്പുറം | 1500000 |
| കോഴിക്കോട് | 1200000 |
| വയനാട് | 250000 |
| കണ്ണൂർ | 1200000 |
| കാസർഗോഡ് | 250000 |
| **ആകെ** | **15000000** |

- സംസ്ഥാനതലത്തിൽ കേരളബാങ്ക്, കേപ്പ്, മറ്റ് അപ്പക്സ്, ഫെഡറൽ സഹകരണ സ്ഥാപനങ്ങൾ എന്നിവ ടി പദ്ധതിയിൽ പങ്കാളികളാകേണ്ടതാണ്.
- ജില്ലാ തലത്തിൽ പുസ്തക കൂപ്പൺ സംബന്ധിച്ച് മുകളിൽ നൽകിയ ടാർജറ്റ് പ്രകാരം സംഘങ്ങളെ തീരുമാനിച്ച് കുട്ടികളുടെ എണ്ണം നിശ്ചയിക്കണം. സംഘങ്ങളെ തീരുമാനിക്കുമ്പോൾ PACS, അർബൻ, എംപ്ലോയീസ്, കാർഷിക വികസന ബാങ്കുകൾ, മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെടുന്ന സഹകരണ സ്ഥാപനങ്ങളും ഇതിൽ പങ്കാളികളാക്കണം.
- ഈ കൂപ്പണുകൾ ജനുവരി 10 നകം ജില്ലകളിൽ എത്തിക്കുകയും ജനുവരി 15 നകം ബാങ്കുകളിൽ/സഹകരണ സ്ഥാപനങ്ങളിൽ എത്തിക്കുകയും വേണം. കൂപ്പണുകൾ ഇക്കുറി സുരക്ഷാ സംവിധാനങ്ങളോടെ പ്രിന്റ് ചെയ്യുന്നതിനാൽ കൃതിയുടെ വേദിയിൽ വെച്ച് സീൽ ചെയ്ത് നൽകേണ്ട ആവശ്യം ഇല്ല.
- ഓരോ ബാങ്ക്/സംഘം തങ്ങളുടെ പ്രദേശത്തുള്ള സ്കൂളുകളിൽ നിന്നും അർഹരായ കുട്ടികളെ കണ്ടെത്തി കൂപ്പണുകൾ നൽകണം.
- പങ്കാളികളാകുന്ന സംഘങ്ങൾ ഏത് സ്കൂളിനെയാണ് സ്പോൺസർ ചെയ്യുന്നത് എന്ന് തീരുമാനിക്കണം. കുട്ടികളുടെ ലിസ്റ്റും തയ്യാറാക്കണം. ഇവ താലൂക്ക് ജില്ലാ തലങ്ങളിൽ ക്രോഡീകരിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തിക്കുന്ന സെല്ലിന് താഴെപ്പറയുന്ന പ്രൊഫോർമയിൽ നൽകണം. ഇതിന്റെ പ്രവർത്തന ഏകോപനത്തിനായി

താലൂക്ക്, ജില്ലാ തലങ്ങളിൽ ഓരോ ഇൻസ്പെക്ടർമാർക്ക് ചുമതല നൽകണം. ഈ ലിസ്റ്റ് ജനുവരി 10-ന് മുമ്പായി നൽകണം.

## പ്രൊഫോർമ

| താലൂക്ക്/സർക്കിൾ | സംഘത്തിന്റെ പേര് | സ്പോൺസർ ചെയ്യുന്ന സ്കൂളിന്റെ പേര് | സ്പോൺസർ ചെയ്യുന്ന തുക |
|---|---|---|---|
| | | | |

*(കൃതിയിൽ എത്തുന്ന ഓരോ സ്കൂളും സ്പോൺസർ ചെയ്യുന്ന സംഘത്തിന്റെ കത്തും, കുട്ടികളുടെ ലിസ്റ്റും കരുതണം. ഏതെങ്കിലും കാരണവശാൽ സ്കൂളിന് എത്താൻ കഴിഞ്ഞില്ലെങ്കിൽ അതിനായി എത്തുന്നവർ സ്കൂളിന്റെ അധികാരിയുടെ സാക്ഷ്യപത്രം കരുതണം.)*

- താലൂക്ക് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ ചെയർമാനായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും കമ്മറ്റി രൂപീകരിക്കണം.
- താലൂക്ക് തലത്തിൽ വാഹനങ്ങൾ ലഭ്യമാക്കി ഈ കുട്ടികളെ 'കൃതി' യിൽ എത്തിച്ച് പുസ്തകങ്ങൾ വാങ്ങാനുള്ള സംവിധാനം ഒരുക്കണം. കേരളത്തിലങ്ങോളമിങ്ങോളമുള്ള വിദ്യാർത്ഥി - വിദ്യാർത്ഥിനികളെ പുസ്തക എക്സിബിഷൻ സ്ഥലത്തേക്ക് എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുന്നതിന് പ്രേരകമാകുന്ന സാഹചര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.
- ഇതിനായി പരമാവധി സ്കൂൾ ബസ്സുകൾ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.
- ബസ്സുകളിൽ പ്രദർശിപ്പിക്കേണ്ട ബാനർ (**അക്ഷര ലോകത്തേയ്ക്ക് ഒരു സഹകരണയാത്ര**) ഡിസൈൻ കൃതി സംഘാടക സമിതി ലഭ്യമാക്കും.
- ഓരോ ജില്ലയും താലൂക്ക് അടിസ്ഥാനത്തിൽ കുട്ടികളുമായി കൃതിയിൽ എത്തുന്നതിനുള്ള തീയതി നിശ്ചയിക്കണം. ഫെബ്രുവരി 7 മുതൽ 16 വരെയുള്ള 9 ദിവസങ്ങളിലായി ഇത് വീതം വച്ച് നൽകേണ്ടതാണ്.
- കുട്ടികൾക്ക് വേണ്ടി കൂപ്പൺ ഉപയോഗിച്ച് സംഘങ്ങൾ/സ്കൂളുകൾ പുസ്തകങ്ങൾ ഒരുമിച്ച് വാങ്ങുന്ന പക്ഷം താലൂക്ക് തലത്തിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ച് ബന്ധപ്പെട്ട കുട്ടികൾക്ക് പുസ്തക വിതരണം ചെയ്യേണ്ടതാണ്.
- വ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലേയ്ക്ക് പണം സംഭാവന നൽകാം. ഇതിനായി "**ഒരു കുട്ടിക്ക് ഒരു പുസ്തകം**" (A Book for A child)" എന്ന പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിലേക്ക് പണം സംഭാവന നൽകാവുന്നതാണ്. (മുൻ എറണാകുളം ജില്ലാ സഹകരണബാങ്ക് മറൈൻ ഡ്രൈവ് ബ്രാഞ്ച് - അക്കൗണ്ട് നമ്പർ - 030 2010 000 000 58, IFS Code -

(UBINപൂജ്യംDGBEDC) ഇത്തരത്തിൽ ജില്ലാ താലൂക്ക് തലങ്ങളിൽ സംഭാവന നൽകാൻ തയ്യാറുള്ളവരെ കൂടി കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

- ഈ അക്കൗണ്ടിലേക്ക് പണം ഓൺലൈനായും സഹകരണ ബാങ്കുകൾ വഴി നേരിട്ടും സ്വീകരിക്കാവുന്നതാണ്. ഈ തുക ജനുവരി 31-ന് മുമ്പ് സ്വീകരിക്കണം. ഈ തുകയ്ക്കുള്ള കൂപ്പണുകൾ കൃതിയിലെത്തുന്ന അർഹരായ സ്കൂളുകൾക്കും കുട്ടികൾക്കും പവലിയനിലുള്ള 'കൃതി' ആഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്.
- സഹകരണ പ്രസ്ഥാനം വഴിയല്ലാതെ നേരിട്ട് 'കൃതി' യിലെത്തുന്ന സ്കൂളുകൾക്ക് 'കൃതി' സന്ദർശിക്കുന്ന തീയതി ക്രമീകരിക്കുവാൻ ഒരു സമയ അലോട്ട്മെന്റ് സംവിധാനം 'കൃതി' യുടെ വെബ് സൈറ്റിൽ ലഭ്യമായിരിക്കും. സ്കൂളിന്റെ പേരും, കുട്ടികളുടെ എണ്ണവും, വരുന്ന സമയവും അവിടെ നിശ്ചയിക്കുവാൻ സാധിക്കും. സംസ്ഥാന സഹകരണ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാകുന്ന മുഴുവൻ തുകയും ഇത്തരത്തിൽ വരുന്ന സ്കൂളുകൾക്കും കുട്ടികൾക്കും വിതരണം ചെയ്യും.
- കൃതി പുസ്തകോത്സവത്തിലേയ്ക്ക് എത്തുന്ന കുട്ടികളുടെ യാത്രയിലും, പദ്ധതി നടത്തിപ്പിലും ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേയ്ക്കായി സഹകരണവകുപ്പ് ഉദ്യോഗസ്ഥർ മേൽ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)

**ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്**

**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്:

1. സെക്രട്ടറി, സഹകരണവകുപ്പ് (അറിവിലേയ്ക്കായി)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
6. എല്ലാ സഹകരണസംഘങ്ങൾ/ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)**